സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ അന്നദാന വഴിപാട് നടത്തിപ്പ് ക്രമീകരണങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**R.O.C. No.10416/12/Suit/NS** **നന്തൻകോട്, 30 /07/2024**

---

പരാമർശം : 1.17.04.2024, 07.05.2024 എന്നീ തീയതികളിലെ മേൽ നമ്പർ ബോർഡുത്തരവുകൾ.

2.ദേവസ്വം കമ്മീഷണറുടെ 30.05.2024ലെ ROC 10404/21/NS 2 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിൽ അന്നദാന വഴിപാട് നടത്തിപ്പുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ് ഫയൽ ചെയ്തിട്ടുള്ള റിമാർക്സിലെ നിർദ്ദേശങ്ങളുടെയും ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടും സൂപ്രണ്ട് ഓഫ് പോലീസിന്റെ (വിജിലൻസ് ആന്റ് സെക്യൂരിറ്റി) റിപ്പോർട്ടിലെ ശിപാർശ കളുടെയും അടിസ്ഥാനത്തിൽ ദേവസ്വം കമ്മീഷണർ, ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, ജില്ല ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി) എന്നിവരുമായി 05.04.2024 ന് ബോർഡ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി 17.04.2024ൽ ഉത്തരവ് പുറപ്പെടുവിച്ചു. (സൂചന 1)

തുടർന്ന്, ദേവസ്വം കമ്മീഷണറിൽ നിന്നും 30.05.2024ൽ ലഭ്യമായ ROC 10404/21/NS 2 നമ്പർ റിപ്പോർട്ടിൽ തിരുവല്ലം, വർക്കല, ഏററുമാനൂർ, തൃക്കാക്കര ദേവസ്വങ്ങളിലെ അന്നദാന നടത്തിപ്പിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ അയച്ച വിവരങ്ങൾ ഉൾപ്പെടുത്തി ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു. ടി റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിൽ 17.04.2024ലെ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടത് അനിവാര്യമായി കാണുന്നുവെന്നും ബോർഡ് തലത്തിൽ ചർച്ച നടത്തി ആവശ്യമായ ഭേദഗതി വരുത്തണമെന്നും ദേവസ്വം കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്. (സൂചന 2)

പ്രസ്തുത റിപ്പോർട്ടിൻമേൽ ദേവസ്വം കമ്മീഷണർ, ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ, ജില്ല ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ എന്നിവരുമായി 20/07/2024 ൽ ബോർഡുതലത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അന്നദാന വഴിപാട് നടത്തിപ്പ് സംബന്ധിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- തിരുവല്ലം, വർക്കല, ഏറ്റുമാനൂർ, തൃക്കാക്കര എന്നീ ദേവസ്വങ്ങളിലെ അന്നദാനത്തിന്റെ എണ്ണം ചുവടെ വിവരിക്കും പ്രകാരം ഭേദഗതി വരുത്തുന്നു.

**തിരുവല്ലം ദേവസ്വം**

| | |
|---|---|
| വിശേഷ ദിവസങ്ങളിൽ | 1200 എണ്ണം |
| സാധാരണ ദിവസങ്ങളിൽ | 1000 എണ്ണം |

**വർക്കല ദേവസ്വം**

| | |
|---|---|
| വിശേഷ ദിവസങ്ങളിൽ | 500 എണ്ണം |
| സാധാരണ ദിവസങ്ങളിൽ | 300 എണ്ണം |